**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ പുന്നപ്രവടക്ക് ഗ്രാമ പഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പർ ആയി ജോലി ചെയ്ത് വരുന്ന ശ്രീമതി എ.ശ്യാമളയെ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന ആവശ്യം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 105/2019/തസ്വഭവ** **തീയതി, തിരുവനന്തപുരം, 19/01/2019**

---

പരാമർശം : 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04.04.2018 ലെ OA(Ekm) 2389/2017 നമ്പർ ഉത്തരവ്

2. പഞ്ചായത്ത് ഡയറക്ടറുടെ 21.08.2014 ലെ ഇ 9-34800/14, 04.05.2018 ലെ ഇ 9-38311/17 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ പുന്നപ്രവടക്ക് ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പർ ആയി ജോലി ചെയ്ത് വരുന്ന ശ്രീമതി. എ.ശ്യാമളയെ സ്ഥിരപ്പെടുത്തുന്നതിനായി ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (Ekm) 2389/2017 നം. അപേക്ഷയിൽ ബഹു. ട്രൈബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പുന്നപ്രവടക്ക് ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് അപേക്ഷകയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ 3-ാം എതിർകക്ഷിയായ ഗ്രാമപഞ്ചായത്ത് 2-ാം എതിർകക്ഷിയായ പഞ്ചായത്ത് ഡയറക്ടർ മുഖേന 1-ാം എതിർകക്ഷിയായ സർക്കാരിൽ ലഭ്യമാക്കാനും പ്രസ്തുത പ്രൊപ്പോസലിൻമേൽ സർക്കാർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും നിർദേശിച്ചു. പരാമർശം (2) ലെ കത്തുകൾ പ്രകാരം ശ്രീമതി. എ.ശ്യാമളയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമാർക്കറ്റ്, കമ്മ്യൂണിറ്റി ഹാൾ എന്നിവ വൃത്തിയാക്കുന്നതിനാണ് ശ്രീമതി. എ.ശ്യാമളയെ പഞ്ചായത്ത് നിയോഗിച്ചിരുന്നത്. പൊതുമാർക്കറ്റ്, കമ്മ്യൂണിറ്റി ഹാൾ മുതലായവ വൃത്തിയാക്കുന്ന സ്വീപ്പർമാർ 25/11/2005 തിയ്യതിയിലെ സ. ഉ (പി) നം.501/2005/ധന, 09/02/2010 തിയ്യതിയിലെ സ. ഉ (പി) നം. 61/2010/ധന എന്നീ ഉത്തരവുകളിലെ നിബന്ധനകൾ അനുസരിച്ച് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരല്ല.

മേൽ സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രവടക്ക് ഗ്രാമ പഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പർ ആയി ജോലി ചെയ്ത് വരുന്ന ശ്രീമതി. എ.ശ്യാമളയെ പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന

ആവശ്യം നിരസിച്ചുകൊണ്ടും പരാമർശം (1) ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് ഇപ്രകാരം പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീമതി. എ.ശ്യാമള, സ്വീപ്പർ , പുന്നപ്രവടക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല (പുന്നപ്രവടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന).

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ജില്ല.

സെക്രട്ടറി, പുന്നപ്രവടക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.

പ്രിൻസിപ്പൽ. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. 155997/വ്യയം സി2/ 1/ 16/ധന. തീയതി 27.07.2018 പ്രകാരം).

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/169/2017-LSGD, LSGD-EPA2/72/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ